സി.ഇ.ഇ./4900/പി.ജി.എം–2020/റ്റി.എ.3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## പി.ജി. മെഡിക്കൽ കോഴ്സിലേയ്ക്കുള്ള പ്രവേശനം– 2020–21

## കേരള സ്റ്റേറ്റ് കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു

കേരളത്തിലെ വിവിധ സർക്കാർ മെഡിക്കൽകോളേജുകൾ, റീജിയണൽ ക്യാൻസർ സെന്റർ എന്നിവയിലെ സ്റ്റേറ്റ് ക്വാട്ടാ സീറ്റുകളിലേയ്ക്കും സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ന്യൂനപക്ഷ ക്വാട്ട/എൻ.ആർ.ഐ. ക്വാട്ട ഉൾപ്പെടെ മുഴുവൻ സീറ്റുകളിലേയ്ക്കും 2020–21 അധ്യയന വർഷത്തെ വിവിധ പി.ജി മെഡിക്കൽ (ഡിഗ്രി) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് വഴി ഓൺലൈനായി അപേക്ഷകൾ സമർപ്പിച്ച വിദ്യാർത്ഥികളുടെ കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു. റാങ്ക് വിവരം **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. EWS ക്വാട്ടാ, ഭിന്നശേഷി വിഭാഗം വിദ്യാർത്ഥികളുടെ ലിസ്റ്റ് സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ മൈനോറിറ്റി/ എൻ.ആർ.ഐ ക്വാട്ട ഉൾപ്പെടെയുള്ള വിവിധ കാറ്റഗറി ലിസ്റ്റുകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പി.ജി മെഡിക്കൽ (ഡിഗ്രി) കോഴ്സുകളിലേയ്ക്കുള്ള താത്ക്കാലിക റാങ്ക് ലിസ്റ്റ്/ കാറ്റഗറി ലിസ്റ്റ് എന്നിവ 18.04.2020 ൽ പ്രസിദ്ധീകരിച്ചിരുന്നു. താത്ക്കാലിക റാങ്ക് ലിസ്റ്റ്/ കാറ്റഗറി ലിസ്റ്റ് അടിസ്ഥാനമാക്കിയാണ് ആദ്യഘട്ട അലോട്ട്മെന്റ് നടത്തിയത്. അപേക്ഷകരുടെ ഓൺലൈൻ അപേക്ഷയിൽ ന്യൂനതകൾ ഉള്ള പക്ഷം നിശ്ചിത സമയത്തിനുള്ളിൽ അപാകതകൾ പരിഹരിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ഓൺലൈൻ അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കാത്ത വിദ്യാർത്ഥികളെ അന്തിമ കാറ്റഗറി ലിസ്റ്റിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. താത്ക്കാലിക റാങ്ക് ലിസ്റ്റ്/ കാറ്റഗറി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഈ വിദ്യാർത്ഥികൾ വിവിധ സംവരണ/ഫീസ് ആനുകൂല്യത്തിനർഹമായി ആദ്യഘട്ട അഡ്മിഷൻ നേടിയിട്ടുണ്ടെങ്കിൽ അത് റദ്ദാക്കപ്പെടുകയും തുടർന്നുള്ള അലോട്ട്മെന്റിലേയ്ക്ക് ജനറൽ വിഭാഗത്തിൽ ഉൾപ്പെടുത്തി വിദ്യാർത്ഥികളുടെ ഹയർ ഓർഡർ ഓപ്ഷനുകൾ മാത്രം പരിഗണിച്ച് അലോട്ട്മെന്റ് നടത്തുന്നതായിരിക്കും. ഈ രീതിയിൽ ജനറൽ വിഭാഗത്തിലേയ്ക്ക് മാറ്റപ്പെട്ട വിദ്യാർത്ഥികളിൽ ആരെങ്കിലും നീറ്റ് പി.ജി സ്കോർ മിനിമം യോഗ്യത നേടിയിട്ടില്ലാത്തവരുണ്ടെങ്കിൽ അവർ റാങ്ക് ലിസ്റ്റിൽ നിന്ന് ഒഴിവാക്കപ്പെടുന്നതുമാണ്.

29.06.2020 ന് പ്രസിദ്ധീകരിക്കുന്ന കാറ്റഗറി ലിസ്റ്റിന്റെ അടിസ്ഥാനത്തിലായിരിക്കും രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നത്. രണ്ടാം ഘട്ട അലോട്ട്മെന്ററിന് ഓപ്ഷൻ നൽകാനുള്ള അവസരം പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ് സൈറ്റ് വഴി 01.07.2020 മുതൽ 06.07.2020 രാവിലെ 10.00 മണി വരെ ലഭ്യമാകുന്നതാണ്. രണ്ടാം ഘട്ട അലോട്ട്മെന്റ് 08.07.2020 ന് പ്രസിദ്ധീകരിക്കുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പർ: 0471 2525300

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
30.06.2020